ശ്രീ. ടി.കെ. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പരിപാടി അനുസരിച്ച് 1999-2000 വർഷത്തിലെ വാർഷിക പദ്ധതി രൂപീകരണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വ്യക്തമാക്കുമോ;

(സി) പരിഷ്കരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ഉൽപ്പാദന വ്യവസായ മേഖലകളുടെ ഉന്നമനത്തിന് എന്തൊക്കെ മുൻഗണനകൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ജനകീയാസൂത്രണത്തിന്റെ മൂന്നാംഘട്ട പദ്ധതിയിൽ ഏതെങ്കിലും പ്രത്യേക മേഖലകൾക്ക് പ്രാധാന്യം നൽകണമെന്ന് സംസ്ഥാനതല തീരുമാനം സർക്കാർ നിൽകിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഇ) ഭവന നിർമ്മാണത്തിനും സാനിട്ടറി കക്കൂസുകളുടെ നിർമ്മാണത്തിനും മുൻഗണന നൽകുന്നതിന് തീരുമാനമുണ്ടോ എന്ന് വ്യക്തമാക്കുമോ;

(എഫ്) ഒരു തദ്ദേശഭരണ സ്ഥാപനം ഒരു ചെറുകിട വ്യവസായ യൂണിറ്റെങ്കിലും ജനകീയാസൂത്രണ ഫണ്ട് ഉപയോഗിച്ച് തുടങ്ങിയിരിക്കണമെന്നുള്ള ഒരു പൊതുനിർദ്ദേശം സർക്കാർ തദ്ദേശഭരണസ്ഥാപനങ്ങളുടെ മുൻപിൽ വയ്ക്കുമോ?

ഉത്തരം

(എ)&(ബി) 5.4.99-ലെ സ.ഉ.(കൈ) 20/99/പ്ലാനിംഗ് ഉത്തരവിൽ 1999-2000 വാർഷിക പദ്ധതി രൂപീകരണത്തിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്.

(സി) ഗ്രാമപഞ്ചായത്തുകൾ ജനറൽ സെക്ടറിൽ അനുവദിച്ച തുകയുടെ 40% എങ്കിലും കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മണ്ണ് സംരക്ഷണം, ചെറുകിട ജലസേചനം, ചെറുകിട വ്യവസായം, മത്സ്യബന്ധനം എന്നീ മേഖലകൾക്ക് നീക്കിവയ്ക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ഈ ആവശ്യത്തിന് 30% എങ്കിലും നീക്കിവയ്ക്കണമെന്നാണ് നിർദ്ദേശം.

(ഡി) ഭവന നിർമ്മാണത്തിനും കുടിവെള്ളം എത്തിക്കുന്നതിനും മുൻഗണന നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും വിശദമായ ടൗൺ പ്ലാനിംഗ് പദ്ധതികൾക്ക് മുൻഗണന നൽകണമെന്നും നിർദ്ദേശമുണ്ട്.

(ഇ) ഉണ്ട്.

(എഫ്) ജില്ലാ പഞ്ചായത്തുകൾ, കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ എന്നിവ സോഫ്റ്റ്വെയർ ടെക്നോളജി പാർക്കുകൾ, ചെറുകിട വ്യവസായ എസ്റ്റേറ്റുകൾ എന്നിവ തുടങ്ങുന്നതിന് പ്രത്യേക ഊന്നൽ നൽകണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

ജനകീയാസൂത്രണത്തിന് നൽകുന്ന വായ്പ

92 (2148) ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> :

<u>ശ്രീമതി റോസമ്മ ചാക്കോ</u> :

<u>ശ്രീമതി രാധാ രാഘവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണത്തിലെ പദ്ധതികൾ നടപ്പാക്കുന്നതിന് വായ്പ നൽകുന്നതിന് ബാങ്കുകൾ വൈമുഖ്യം കാണിക്കാറുണ്ടോ;

(ബി) ജനകീയാസൂത്രണത്തിലെ പദ്ധതികൾ നടപ്പാക്കുന്നതിന് ബാങ്ക് വായ്പ ലഭിക്കുവാൻ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; ഇതിന്റെ ഫലമെന്താണ്;

(സി) 1998-99 ൽ ഇക്കാര്യത്തിന് എന്തുതുക ബാങ്ക് വായ്പ ലഭിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ഡി) 1999-2000-ാമാണ്ടിൽ ഇതു സംബന്ധിച്ച് എന്ത് തുകയുടെ ബാങ്ക് വായ്പ ലഭിച്ചു;

(ഇ) 1998-99-ലും 1999-2000-ാമാണ്ടിൽ ഇതുവരെയും സഹകരണ ബാങ്കുകളിൽ നിന്ന് ജനകീയാസൂത്രണത്തിന് എന്ത് തുകയുടെ വായ്പ ലഭിച്ചു?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയിൽ ജനകീയാസൂത്രണ പ്രോജക്ടുകൾക്ക് ബാങ്ക് വായ്പ നൽകാൻ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ വിഭാവന ചെയ്യുന്ന പ്രോജക്ടുകൾ ബന്ധപ്പെട്ട സ്ഥാപനങ്ങളുമായി ചർച്ച ചെയ്തു തയ്യാറാക്കേണ്ടതാണെന്നും, ഇത്തരം പ്രോജക്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ബാങ്ക് അധികൃതരുമായി സാമ്പത്തിക ധനകാര്യ ബാദ്ധ്യതകൾ വിലയിരുത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

(സി) വിവരം ലഭിച്ചു തുടങ്ങിയിട്ടില്ല.

(ഡി) പദ്ധതി ആസൂത്രണ പ്രക്രിയ പൂർത്തിയായാൽ മാത്രമേ തുക കണക്കാക്കാൻ സാധിക്കൂ.

(ഇ) ചോദ്യം 'സി' യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

ജില്ല, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകളുടെ സമാന പദ്ധതികൾ

93 (2149)<u>ശ്രീമതി എൻ.കെ. രാധ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ സംവിധാനത്തിൽ ജില്ല, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകൾ സമാനമായ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ഉണ്ടാകുന്ന ഇരട്ടിപ്പ് ഒഴിവാക്കാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ;

(ബി) ഒരേ ഗുണഭോക്താക്കൾ തന്നെ ത്രിതല പഞ്ചായത്തുകളുടെ സമാന സ്വഭാവമുള്ള പദ്ധതികളുടെ ആനുകൂല്യം കൈപ്പറ്റുന്നത് തടയാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly